(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 28-10-2014-ലെ യോഗത്തിൽ പ്രസ്തുത സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിക്കുവാനും MCC യുമായുള്ള lease റദ്ദാക്കുവാനും തീരുമാനിച്ചു. Lease റദ്ദാക്കുന്നമുറയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ്, ഇപ്പോഴുള്ള കെട്ടിടത്തിൽ ഒരു എക്സ്റ്റൻഷൻ സെന്റർ ആയി പ്രവർത്തിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. Infrastructure, Post creation എന്നിവയടക്കമുള്ള വിശദമായ പ്രൊപ്പോസൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശം പരിശോധിച്ച് നടപടിയെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സഞ്ചരിക്കുന്ന ആശുപത്രികൾ

91 (783) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ആരോഗ്യമിഷനുകീഴിൽ സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു ; ജില്ലതിരിച്ച് വിശദാംശം നൽകാമോ ;

(ബി) സഞ്ചരിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം, ജീവനക്കാർ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) സഞ്ചരിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ ;

(ഡി) സേവനം നൽകേണ്ട ഓരോ മേഖലയിലും ഓരോ മാസവും പ്രസ്തുത ആശുപത്രിയുടെ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ ഗ്രാമീണ ആരോഗ്യമിഷനുകീഴിൽ സംസ്ഥാനത്ത് താഴെ പറയുന്ന സഞ്ചരിക്കുന്ന ആശുപത്രികൾ (ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ/ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ) പ്രവർത്തിച്ചുവരുന്നു :

തിരുവനന്തപുരം	-	1
കൊല്ലം	-	1
പത്തനംതിട്ട	-	3
ആലപ്പുഴ	-	3
കോട്ടയം	-	...
ഇടുക്കി	-	3
എറണാകുളം	-	3
തൃശ്ശൂർ	-	1
പാലക്കാട്	-	4
മലപ്പുറം	-	3
കോഴിക്കോട്	-	...
വയനാട്	-	2
കണ്ണൂർ	-	1
കാസർഗോഡ്	-	...

(ബി) ഈ യൂണിറ്റിൽ ഒരു ഡോക്ടർ, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ജോലി ചെയ്യുന്നു. വാഹനസൗകര്യം കുറഞ്ഞ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ സേവനം ലഭ്യമാക്കുക എന്നതാണ് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ പ്രധാനം. ടൈബൽ കോളനികളിൽ മെഡിക്കൽ യൂണിറ്റ് സന്ദർശിച്ച് കോളനി നിവാസികൾക്ക് ആവശ്യമായ ചികിത്സ, കുട്ടികളുടേയും ഗർഭിണികളുടേയും ഇമ്മ്യൂണൈസേഷൻ തുടങ്ങിയവ നടത്തുന്നു.

(സി) മൊബൈൽ യൂണിറ്റിലെ അംഗങ്ങളുടെയും ബന്ധപ്പെട്ട പി.എച്ച്.സി.-യിലെ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ജില്ലാ തലത്തിൽ വിളിച്ചുകൂട്ടി ടി യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(ഡി) ഓരോ മാസവും നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ഓഫീസിൽ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ്

92(784) ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെകുറവ് സുരക്ഷാ പരിശോധനകളെ സാരമായി ബാധിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ എത്ര ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ വിശദവിവരം നൽകാമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഉൾപ്പെടെ 80 ഒഴിവുകൾ പി.എസ്.സി.-ക്ക് ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ 71 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly